# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3336.

9.4.2013 ൽ മറുപടിക്ക്

## കോളേജുകൾക്ക് സ്വയംഭരണാധികാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.പി.കെ. അബ്ദുറബ്ബ് ( വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും. | മികച്ച നിലവാരം പുലർത്തുന്ന ആർട്സ് & സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അക്കാഡമിക് സ്വയംഭരണാവകാശം നൽകുന്ന കാര്യം സർക്കാർ ആലോചിച്ചു വരുന്നു. |
| (ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ആരംഭിച്ചുവോ ; വിശദാംശം വ്യക്തമാക്കാമോ ; | | |
| (സി) ഏന്തെല്ലാം കാര്യങ്ങളിലാണ് സ്വയംഭരണാധികാരം നൽകുന്നത് ; | (സി) യും (ഡി) യും | കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുകൊണ്ടുണ്ടാകുന്ന മാറ്റങ്ങൾ പൂർണ്ണമായും വിലയിരുത്തപ്പെട്ടിട്ടില്ല. സ്വയംഭരണവകാശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അക്കാഡമിക് സ്വയംഭരണം മാത്രമാണ്. പൊതുവെ താഴെപ്പറയുന്ന മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു.<br>1. പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും കോളേജുകൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. |

2. പരീക്ഷ നടത്തുന്നതും ഉത്തരക്കടലാസുകൾ പരിശോധിക്കുന്നതും കോളേജുകളായിരിക്കും.

3. മാർക്ക് ലിസ്റ്റും പ്രൊവിഷണൽ സർട്ടിഫിക്കറ്റും നൽകുവാൻ കോളേജുകൾക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ ബിരുദ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ബന്ധപ്പെട്ട സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കും.

(ഡി) സർവ്വകലാശാലകളുടെയോ സർക്കാരിന്റെയോ മേൽനോട്ടവും നിയന്ത്രണവും ഏതെല്ലാം കാര്യങ്ങളിലാണെന്ന് അറിയിക്കാമോ ?

സെക്ഷൻ ഓഫീസർ.